Chemmanur Joseph Memorial

Assumption Higher Secondary School

Varandarappilly, Thrissur - 680 303

# Heart Beats



School Magazine

# ഇതളുകൾ വിരിയുമ്പോൾ

ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ....4
സ്കൂളിൻെറചരിത്രം....5
അവലോകനം....5
സ്ക്കൂൾ തല അക്കാദമിക പ്രവർത്തനങ്ങൾ....7
വായിച്ച് തീരാത്ത മഹാകാവ്യം....9
എഴുത്തച്ഛൻ....9
2018-2019 ലിറ്റിൽകൈറ്റ്സ് പ്രവർത്തനറിപ്പോർട്ട്....10
അമ്മയെ തല്ലിയാൽ....11
ചെറുകഥ....11
ഡിജിറ്റൽ പെയ്ൻറിംഗ് മത്സരത്തിൽ നിന്ന്....13
സ്കൂൾതല മത്സരം....13
സ്മാർട്ട് ഫോൺ....14
ചെറുകഥ....14
ഭൂമിയ്ക്ക് ഒരു താരാട്ട്....18
കവിത....18
പച്ചപൊന്നണി വിതറും ഭൂമി....19
നമുക്കും പരിഗണിക്കാം....21
അത്യാഗ്രഹം ആപത്ത്....24
ചെറുകഥ....24
....24
കടലിലെ കാലൻ വലകൾ....26


# ആമുഖം


വരന്തരപ്പിള്ളി സി ജെ എം എ എച്ച് എസ് എസിൽ നടത്തിയ ക്ളാസ്തല കൈയ്യെഴുത്ത് മാസിക മത്സരത്തിൽ നിന്നും തെരഞ്ഞെടുത്ത ചില കൃതികൾ ഉപയോഗിച്ചാണ് ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ മലയാളം കമ്പ്യൂട്ടിങ്ങ് പരിശീലനത്തിലൂടെ നേടിയെടുത്ത കഴിവ് ഉപയോഗിച്ച് ഓരോ അംഗവും തയ്യറാക്കിയ കൃതികൾ കൂട്ടിച്ചേർത്ത് തയ്യാറാക്കിയതാണ് ഈ മാഗസിൻ. സ്കൂളിൻെറ ചരിത്രവുംസ്കൂളിലെ പ്രധാന അക്കാദമിക പ്രവർത്തനങ്ങളും ഉൾകൊള്ളിച്ചുള്ള ഈ സംരഭത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവരേയും കൃതജ്ഞതാപൂർവ്വം സ്മരിച്ചുകൊണ്ട് സമർപ്പിക്കുന്നു.

സ്നേഹാദരപൂർവ്വം,

കൈററ്മിസ്റ്റ്രേസ്സ്.

# ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ





സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി

# സ്കൂളിൻെറചരിത്രം

## അവലോകനം

**വനങ്ങൾ തിങ്ങിനിറഞ്ഞ വരന്തരപ്പിള്ളി ഗ്രാമം ഒരു ഹൈറേഞ്ച് മേഖലയാണ്.വനങ്ങൾ തിങ്ങിനിറഞ്ഞ എന്ന അർത്ഥത്തിൽ വനാന്തരപ്പിള്ളി എന്ന പേര് പിന്നീട് വരന്തരപ്പിള്ളി എന്ന് അറിയപ്പെട്ടു. ഈ പ്രദേശത്തെ പ്രധാന നാണ്യവിള റബ്ബർ കൃഷിയാണ്. റബ്ബർ കൃഷിക്കായി കൊച്ചി രാജാവിൽ നിന്നും കല്പന വാങ്ങി ഇംഗ്ലീഷുക്കാർ ആരംഭിച്ച തോട്ടങ്ങൾഇന്നുംഈപ്രദേശത്തിന്റെസാമ്പത്തികഘടനയെ സ്വാധീനിക്കുന്നുണ്ട്.ഇവിടത്തെ കൃഷിയുമായി ബന്ധപ്പെട്ടാണ് ആമ്പല്ലൂർ-പാലപ്പിള്ളി റോഡിന്റെ ആരംഭം. കുന്നിൻപ്രദേശമായിരുന്ന ഈ പ്രദേശം പള്ളി വന്നതോടെ പള്ളിക്കുന്ന് എന്ന് അറിയപ്പെട്ടു. കൊച്ചി ദിവാന്റെ കല്പനപ്രകാരം 1916-ൽ പ്രൈമറി സ്കൂൾ ആരംഭിച്ചു.**

**തൃശ്ശൂർ അതിരൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ പ്രവർത്തിക്കുന്ന പുരാതനവും വിദ്യാഭ്യാസരംഗത്ത് അഭിമാനസ്തംഭവുമായിതീർന്ന വിദ്യാലയമാണ് വരന്തരപ്പിള്ളി ചെമ്മണ്ണൂർ** ജോസഫ് മെമ്മോറിയൽ അസംപ്ഷൻ ഹയർ സെക്കന്ററി സ്കൂൾ.1938 ൽ ആണ് വിദ്യാലയം ആരംഭിച്ചത്.ബഹു.വികാരി ഫാ.ജോർജ്ജ് പാനിക്കുളത്തിന്െറ നേതൃത്വത്തിൽ യു.പി.വിഭാഗം പ്രവർത്തനം ആരംഭിച്ചു. 1945-ൽ ഹൈസ്കൂൾ വിഭാഗം ആരംഭിച്ചു.1997-ൽവികാരിയായിരുന്ന റവ.ഫാ.പോൾ പയ്യപ്പിള്ളിയുടെ ശ്രമഫലമായി ചെമ്മണ്ണൂർ ഗ്രൂപ്പുമായി സഹകരിച്ച് പഴയ സ്കൂൾ കെട്ടിടം പൊളിച്ചുമാറ്റി മൂന്ന് നിലകളിലായി ഇന്ന് കാണുന്ന പുതിയ സ്കൂൾ കെട്ടിടം പണി കഴിപ്പിക്കുകയും തുടർന്ന് രണ്ടായിരാമാണ്ടിൽ റവ. ഫാദർ ജോസഫ് മുണ്ടശ്ശേരിയുടെ കാലത്ത് ഹയർ സെക്കന്ററിയായി ഉയർത്തപ്പെടുകയും **"സി.ജെ.എം.അസംപ്ഷൻ ഹയർ സെക്കന്ററി സ്കൂൾ"**എന്ന് പുനർ നാമകരണം ചെയ്യുകയും ചെയ്തു.

**രണ്ട് ഏക്കർ സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിനും**

ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലുമായി ഏകദേശം അമ്പതോളം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഹൈസ്കൂളിനു രണ്ടു ലാബുകൾ ഉണ്ടു.ഹൈടെക്ക് സ്കൂൾ പദ്ധതിയുടെ ഭാഗമായി **8,9,10** ക്ലാസുകളിലായി **24** ക്ലാസുകളുടെ ഭൗതികസൗകര്യങ്ങൾ ഉയർത്തി ലാപ് ടോപ്, പ്രൊജക്ടർ എന്നീ ഉപകരണങ്ങൾ സജീകരിച്ച് ഇന്റർനെറ്റ് സൗകര്യങ്ങൾ ഉൾപ്പെടുത്തി ഹൈടെക്കാക്കി.

##########################################

# സ്ക്കൂൾ പ്രവർത്തനങ്ങളിലേക്ക് ഒരെത്തിനോട്ടം





NEEM TREE DISTRIBUTION

VIJAYOLSAVAM



PRAVESANOLSAVAM



ANTI NARCOTIC DAY PROGRAMME

NEWS READING COMPETITION



KERALA PIRAVI





VOLLYBALL TEAM



FLOOD RELIEF DISTRIBUTION




SUB DISTRICT FIRST IN SPORTS



FIRST RUNNER UP IN WORK EXPERIANCE



YOGA CLASS

# വായിച്ച് തീരാത്ത മഹാകാവ്യം



## എഴുത്തച്ചൻ

**പതിനാറാം നൂറ്റാണ്ട് വരദാനമായി കൈരളിക്ക നൽകിയ അമൂല്യ പ്രതിഭയും വായിച്ച് തീരാത്തമഹാകാവ്യവുമായിരുന്ന തുഞ്ചത്തെഴുത്തച്ചൻ. കേരളീയ ജനതയുടെ സാംസ്കാരിക നവോത്ഥാനത്തിന് ഓജസ്സും തേജസ്സും നൽകിയ ഭക്തിപ്രസ്ഥാനത്തിന് അദ്ദേഹം സജീവ സംഭാവനകൾ നൽകി. ആധുനിക മലയാളത്തന്റ സർഗാധനനായ പിതാവായും ഭാവുകൻമാർ അദ്ദേഹത്തെ പരിഗണിക്കുന്നു.**
**തത്ത്വചിന്തകനും യുക്തിപ്രഭാവനുമായിരുന്ന അദ്ദേഹം.**
**എഡി1700 ലാണ്,ജീവിച്ചത്എന്ന്കരുതപ്പെടുന്നു.**
**വേദാന്തം അദ്ദേഹം അഭ്യസിച്ചിരുന്നു.മലയാള ഭാഷക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ ഏറെയാണ്.ആദ്യാത്മരാമായണം,ഭാഗവതം,കിളിപ്പാട്ട്, കൈവല്യനവനീതംഹരിനാമകീർത്തനം,എന്നിവ പ്രധാന കൃതികൾ .**

അടിക്കുറിപ്പ്

ചെറുശ്ശേരിയിൽ നിന്നു എഴുത്തച്ഛനിലേക്കുള്ള മലയാളം കവിതയുടെ വളർച്ച മദ്ധ്യകാലത്തുനിന്ന് ആധുനികകാലത്തേക്കുള്ള വളർച്ചയായി കരുതാവുന്നതാണ്. രാവണൻ, ദുര്യോധനൻ എന്നീ നായക വിരുദ്ധസ്വഭാവം പ്രകടിപ്പിക്കുന്ന കഥാപാത്രങ്ങളെപ്പോലും തികഞ്ഞമാന്യതയോടും സംശുദ്ധിയോടും കൂടി അവതരിപ്പിക്കുകയാണ്എഴുത്തച്ഛൻചെയ്തത്.ആത്മീയതയുംസാഹിത്യചിന്തയും ഒരേ അളവിൽ ചേർത്തായിരുന്നു എഴുത്തച്ഛന്റെസാഹിത്യരചന.അദ്ദേഹംകഥപറയുന്നതിൽഎടുത്തസ്വാതന്ത്ര്യമാകട്ടെ അന്നുവരെ കാണാതിരുന്ന രസങ്ങളെയും ഭാവങ്ങളെയും കവിതയിൽ അനന്യസാധാരണമായ ശൈലിയിൽ വർണ്ണിക്കുവാനും അദ്ദേഹത്തിനു സഹായകരമായി.

# 2018-2019 ലിറ്റിൽകൈറ്റ്സ് പ്രവർത്തനറിപ്പോർട്ട്





ലിറ്റിൽകൈറ്റ്സ് സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി (Unit No:LK/2018/22068) 2018 ജനുവരി മാസത്തിൽ നടത്തിയ അഭിരുചി പരീക്ഷയിൽ വിജയികളായ 26 പേർക്ക് ലിറ്റിൽ കൈറ്റ്സിൽ അംഗത്വം നൽകി. ഐ ടി ക്ലബിന്റെ ഭാഗമായി നടത്തിയ പരിശീലന ക്ലാസുകളിൽ ലിറ്റിൽ കൈറ്റ്അംഗങ്ങൾപങ്കെടുത്തു. മലയാളം ടൈപ്പിങ്ങ്,അനിമേഷൻ, സ്ക്രാച്ച്,ആപ്ഇൻവെൻറർ,ഇലകട്രോണിക്ക്സ്,ഹാർഡ് വെയർ, മുതലായവയിൽ ആഴ്ചയിൽ ഒരു ദിവസം വീതം വൈകിട്ട് 4 മുതൽ 5 വരെ വത്സടീച്ചറിന്റേയും ഷൈനി സിസ്റ്ററിന്റേയും നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ടലീഡർമാരുടെ സഹകരണത്തോടുകൂടി വളരെ ഭംഗിയായിഅടുക്കുംചിട്ടയോടും കൂടെ പരിശീലനം നടത്തിവരുന്നു.

2018-19 അധ്യയനവർഷത്തിൽ ജൂൺ മാസത്തിലെ രാജീവ്മാസ്റ്ററുടെ നേതൃത്വത്തിൽ നടത്തിയ പ്രിലിമിനറി പരിശീലനക്ലാസിനുശേഷം എല്ലാ ബുധനാഴ്ചയും കൈറ്റ് മിസ്ട്രസ്സുമാർ അവർക്ക് ക്ലാസ്സുകൾ നൽകുന്നു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കുള്ള പരിശീലന പരിപാടികൾ 2018 ജൂൺ ഇരുപത്തിയേഴിനു ആരംഭിച്ചു. ഗ്രാഫിക്സ് & അനിമേഷനിലാണ് ആദ്യ അഞ്ച് ആഴ്ചകളിലെ പരിശീലനം നടക്കുക. ടുപ്പി ടൂഡി എന്ന സ്വതന്ത്ര 2 ഡി അനിമേഷൻ സോഫ്റ്റ്‌വെയറിലാണ് ആദ്യഘട്ട പരിശീലനം . ഗ്രാഫിക്സ് എഡിറ്റിംഗിനായി ജിമ്പും ഇൻക്സ്കേപ്പുംപരിശീലിപ്പിക്കുന്നു. അനിമേഷൻ സിനിമകൾ പരിചയപ്പെടുത്തുക, സ്റ്റോറി ബോർഡ് തയ്യാറാക്കുക., ഇവയാണ് ഒന്നാമത്തെ മൊഡ്യൂളിൽ പരിചയപ്പെട്ടത്. രണ്ടാം മൊഡ്യൂളിൽ Tupi യിൽ ലളിതമായ അനിമേഷൻ നിർമ്മിക്കുന്ന വിധം പരിശീലിച്ചു. ട്വീനിംഗ് സങ്കേതം ഇതോടൊപ്പം പരിചയപ്പെട്ടു. പശ്ചാത്തലചിത്രം ചലിപ്പിച്ചുകൊണ്ട് അനിമേഷൻ നൽകുന്നതും റൊട്ടേഷൻ ട്വീനിംഗും മൂന്നാം മൊഡ്യൂളിൽ പരിശീലിപ്പിച്ചു.. നാലാം മൊഡ്യൂളിൽ ജിമ്പുപയോഗിച്ച് പശ്ചാത്തല ചിത്രം തയ്യാറാക്കാനും അഞ്ചിൽ ഇങ്ക്സ്കേപ്പിൽ കഥാപാത്രങ്ങളെ വരയ്ക്കാനും പരിശീലിച്ചു. പരിപാടികൾ 2018 ജൂൺ ഇരുപത്തിയേഴിനു ആരംഭിച്ചു. ഗ്രാഫിക്സ് & അനിമേഷനിലാണ് ആദ്യ അഞ്ച് ആഴ്ചകളിലെ

പരിശീലനം നടക്കുക. ടൂപ്പി ടൂഡി എന്ന സ്വതന്ത്ര 2 ഡി അനിമേഷൻ സോഫ്റ്റ്‌വെയറിലാണ് ആദ്യഘട്ട പരിശീലനം . ഗ്രാഫിക്സ് എഡിറ്റിംഗിനായി ജിമ്പും ഇൻക് സ്കേപ്പും പരിശീലിപ്പിക്കുന്നു. അനിമേഷൻ സിനിമകൾ പരിചയപ്പെടുത്തുക, സ്റ്റോറി ബോർഡ് തയ്യാറാക്കുക., ഇവയാണ് ഒന്നാമത്തെ മൊഡ്യൂളിൽ പരിചയപ്പെട്ടത്. രണ്ടാം മൊഡ്യൂളിൽ **Tupi** യിൽ ലളിതമായ അനിമേഷൻ നിർമ്മിക്കുന്ന വിധം പരിശീലിച്ചു. ട്വീനിംഗ് സങ്കേതം ഇതോടൊപ്പം പരിചയപ്പെട്ടു. പശ്ചാത്തലചിത്രം ചലിപ്പിച്ചുകൊണ്ട് അനിമേഷൻ നൽകുന്നതും റൊട്ടേഷൻ ട്വീനിംഗും മൂന്നാം മൊഡ്യൂളിൽ പരിശീലിപ്പിച്ചു.. നാലാം മൊഡ്യൂളിൽ ജിമ്പുപയോഗിച്ച് പശ്ചാത്തല ചിത്രം തയ്യാറാക്കാനും അഞ്ചിൽ ഇങ്ക്സ്കേപ്പിൽ കഥാപാത്രങ്ങളെ വരയ്ക്കാനും പരിശീലിച്ചു. തുടർന്നുള്ള മാസങ്ങളിൽ മൊബൈൽ ആപ്പ് നിർമ്മാണവും സ്ക്രാച്ചും പരിശീലിച്ചു.










# അമ്മയെ തല്ലിയാൽ

ചെറുകഥ

ഒരിടത്ത് അബ്ദുള്ള എന്നൊരു കച്ചവടക്കാരനുണ്ടായിരുന്നു. ആരെന്തുപറഞ്ഞാലും വിശ്വസിക്കുന്ന പാവത്താനായിരുന്നു അയാൾ. ഒരു ദിവസം അബ്ദുള്ള തൻെറ കഴുതയെ വിൽക്കാനായി ചന്തയിലേയ്ക്ക് പോവുകയായിരുന്നു. കഴുതയുടെ കഴുത്തിൽ ഒരു കയറിട്ടു പിടിച്ചുകൊണ്ട് അബ്ദുള്ള മുന്നിൽ.കഴുത പിന്നിലും. അന്നാട്ടിലെ അബുകീർ എന്ന വലിയ കള്ളൻ

അതുകണ്ടു."ആ കഴുതയെ അടിച്ചുമാറ്റണം." അയാൾ ചങ്ങാതിയോടു പറഞ്ഞു.അയാൾ കഴുതയുടെ പിന്നാലെ ചെന്ന് കഴുത്തിലെ കയർ അഴിച്ചെടുത്തു.കഴുതയെ തന്റെ കൂട്ടുകാരനെ ഏല്പിച്ചിട്ട് ആംഗ്യം കാണിച്ചു."വേഗം കൊണ്ടുപൊയ്ക്കോ"! എന്നിട്ടോ? അബുകീർ കഴുതയുടെ കയർ സ്വന്തം കഴുത്തിലിട്ടു. കുറച്ചു കഴിഞ്ഞപ്പോൾ 'കഴുത' അനങ്ങുന്നില്ല! അബ്ദുള്ള ദേഷ്യപ്പെട്ട് തിരിഞ്ഞുനോക്കിയപ്പോൾ കഴുതയ്ക്കു പകരം ഒരു മനുഷ്യൻ! "ങേ നീയാരാ"?അബ്ദുള്ള ചോദിച്ചു. അബുകീർ സങ്കടം നടിച്ച് പറഞ്ഞു. "ഞാനങ്ങയുടെ കഴുത തന്നെയാ. കുട്ടിക്കാലത്ത് ഒരിക്കൽ ഞാൻ അമ്മയുമായി വഴക്കിട്ടു. ദേഷ്യം വന്നപ്പോൾ ഞാൻ അമ്മയെ തല്ലി. അമ്മയെന്നെ ശപിച്ചു കഴുതയാക്കി.അങ്ങെന്നെ ചന്തയിൽ നിന്നു വിലയ്ക്കു വാങ്ങി. ഞാൻ അങ്ങേയ്ക്ക് വേണ്ടി ജോലി ചെയ്ത് തളർന്നു. അമ്മയ്ക്ക് എന്നോട് അതുകൊണ്ട് ദയതോന്നി.

എനിക്ക് രൂപം തിരിച്ചുകിട്ടിയത് ". അതു കേട്ടപ്പോൾ അബ്ദുള്ളയ്ക്കുണ്ടായ വിഷമം! "ഞാനിതൊന്നും അറിഞ്ഞില്ല. ക്ഷമിക്കണേ."പാവം അബ്ദുള്ള അബുകീറിനെ മോചിപ്പിച്ചു.കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അബ്ദുള്ള മറ്റൊരു കഴുതയെ

വാങ്ങാനായി ചന്തയിലെത്തി. അപ്പോഴതാ, അവിടെ തന്റെ പഴയ കഴുത! അബ്ദുള്ള കഴുതയോടു പതുക്കെ പറഞ്ഞു. "താൻ വീണ്ടും അമ്മയെ തല്ലി, അല്ലേ ഇനി

തന്നെ ഞാൻ വാങ്ങുന്ന പ്രശ്നമേയില്ല......!

# ഡിജിറ്റൽ പെയ്ൻറിംഗ് മത്സരത്തിൽ നിന്ന്

സ്കൂൾതല മത്സരം





# സ്മാർട്ട് ഫോൺ

ചെറുകഥ

സമയം രാവിലെ അഞ്ച് മണിയാകുന്നതേയുള്ളൂ. ഒരു നിസഹായ ശബ്ദം കാതോർത്തിട്ടാണ് അയാൾ എഴുന്നേറ്റത്.

പക്ഷേ അയാളുടെ മനസ്സിൽആ ശബ്ദം എന്തിനാണ് ? എന്താണ്? എന്നായിരുന്നില്ല. താൻ ഇന്നലെ വാങ്ങിയ വളരെ വിലമതിപ്പുള്ള ആ സ്മാർട്ട് ഫോണിലായിരുന്നു അയാളുടെ ചിന്തമുഴുവനും. കൂട്ടുകാർക്ക് കാണിച്ച്കൊടുക്കണം, പുതിയ ഫോട്ടോസ്, വീഡിയോസ്, എന്നിവയെടുക്കണം ഒരുപാട് ലൈക്ക്,കമന്റ്സ് എന്നിവ വാരിക്കൂട്ടണം അതുമാത്രമായിരുന്നു അയാളുടെ ചിന്ത. അമ്മ അവനെ ഉറക്കെ വിളിച്ചപ്പോഴാണ്അയാൾ ചിന്തയിൽ നിന്നും സടകുടഞ്ഞെഴുന്നേറ്റത്. 'ഓടിവാടാമോനേ ' എന്ന അമ്മയുടെ നിലവിളി കേട്ടുകൊണ്ട് അയാൾ തന്റെ സ്മാർട്ട് ഫോണിൽ എന്തൊക്കെയോ തോണ്ടിക്കൊണ്ട് അമ്മയുടെ അടുത്തേക്ക് നടന്നു. അപ്പോഴും അവന്റെ പൂച്ചക്കണ്ണുകൾ ആസ്മാർട്ട് ഫോണിലായിരുന്നു.അമ്മയുടെ അടുത്ത് ചെന്ന് അവനവിടെ ഒന്നും പ്രതികരിക്കാതെ ഒരു ഭാഗത്ത് ഇരുന്നു. തന്റെ സ്മാർട്ട് ഫോണിലേക്ക് ഊളിയിറങ്ങിക്കൊണ്ട്. അമ്മ തേങ്ങികൊണ്ട് അവന്റെ അടുത്ത് ചെന്നു പറഞ്ഞു.'മോനെ അവിടെ ചെന്ന് എന്താണെന്ന് നോക്കടാ....'അപ്പോഴാണ് അവന്റെ ശ്രദ്ധ ആ കലാപ സംഘത്തിലേക്ക് തിരിഞ്ഞത്. അവൻ തന്റെ സ്മാർട്ട് ഫോണെടുത്ത് അവരുടെ അരികിലേക്ക് നടന്നു.അവൻ നടന്ന് നീങ്ങുന്നതു കണ്ട ആ അമ്മയുടെ മനസിൽ തെല്ലൊരു ആശ്വാസം വന്നു.അവൻ പോയത് പ്രശ്നങ്ങൾ പരിഹാരിക്കാനാകും എന്ന് കരുതിയ അമ്മയുടെ മനസ്സൊന്നു തരിച്ചുപോയി. ക്ഷീണം കൊണ്ട് തളർന്ന ആ കണ്ണുകൾ അന്ധാളിച്ചു നിന്നു.അവൻ പോയത് പ്രശ്നങ്ങൾക്ക് പരിഹാരം കാണാനായിരുന്നില്ല. വാളുകൾ കൊണ്ട് തമ്മിൽ പൊരുതുന്ന ആ മനുഷ്യർക്ക് മുമ്പിൽ ഒരുപാട് പേർ വട്ടം കൂടിനിൽക്കുന്നുണ്ടായിരുന്നു. ചിലർ കൈകൾ കെട്ടി നിൽക്കുന്നു. മറ്റുചിലർ നിലവിളിക്കുന്നു.അവിടവിടെ നിൽകുന്ന ചിലർ അവിടത്തെ രംഗങ്ങൾ മൊബൈലിലേക്ക് പകർത്തുന്നു.

അവനും തന്റെ സ്മാർട്ട്ഫോണിലേക്ക് അവിടത്തെ രംഗങ്ങൾ പകർത്തി.

'ഇത്രയും മനുഷ്യത്വം ഇല്ലതായി പോയോ തന്റെ മകന് ' എന്ന് അമ്മ വേദനയോടെ മനസിൽ പറഞ്ഞു പോയി. ആ കലാപത്തിൽ പെട്ട ഒരാളുടെ മുഖം അവൻെറ ശ്രദ്ധയിൽ പെട്ടു.അവന്റെ അയൽവാസി ബാബുവിന്റേത്. റോഡിൽ തളം കെട്ടി കിടക്കുന്ന ചോരയുടെ നടുവിൽ അയാൾ ജീവനു വേണ്ടി നിലവിളിക്കുന്നുണ്ടായിരുന്നു. അവനത് ശ്രദ്ധിച്ചില്ല. താഴെകിടക്കുന്ന ചോരപുരണ്ട വാളിനെ അവൻ ഒന്നുനോക്കി. തിരിഞ്ഞ് തന്റെ വീട് ലക്ഷ്യമാക്കി നടക്കാൻ തുടങ്ങി. പിറകിൽ ആരൊക്കെയോ എന്തൊക്കെയോ പറഞ്ഞ് നിലവിളിക്കുന്നു. അവൻെറ ജീവിതത്തെ മാറ്റി മറിച്ച ഒരു ശബ്ദം പെട്ടെന്ന് അച്ഛാ' എന്ന്നിലവിളിച്ച് കൊണ്ട് ഒരു പെൺകുട്ടി ബാബുവിന്റെ അടുത്തേക്ക് ഓടിചെന്നത്. ആ കൊച്ചുപെൺകുട്ടിവാവിട്ട് കരയുകയാണ്. അയാൾ ഒന്ന് സ്തബ്ധനായി പോയി.അറിയാതെ അവന്റെ ഫോൺ താഴെ വീന്ന് പോയി.പതുക്കെ അവൻ തന്റെ വീട് ലക്ഷ്യമാക്കി നടന്നു. വീട്ടിലെത്തി ഒരു ഗ്ലാസ് വെള്ളം കുടിച്ച് കട്ടിലിൽ കിടന്നു. മനസമാധാനം നഷ്ടപെട്ട തന്റെ കാതിൽ കേൾക്കുന്ന പെൺകുട്ടിയുടെ ശബ്ദം അയാളുടെ മനസ് തളർത്തി. പതിയെ അയാളുടെകണ്ണുകളടഞ്ഞു. അപ്പോഴാണ് അയാൾ ചിന്തിച്ചത് ചോരച്ചുരണ്ട് കിടന്ന ആ മനുഷ്യനെ അപ്പോൾ തന്നെ ആശുപത്രിയിലെത്തിച്ചിരുന്നെങ്കിൽ ഒരു പക്ഷേ അയാൾ ഇപ്പോൾ ജീവനോടെ ഉണ്ടായിരുന്നേനെ. ആ കുട്ടി ഇപ്പോൾ ഇങ്ങനെ കരയേണ്ടിവരില്ലായിരുന്നു.

ഞാൻ ഇത്രക്കും മനുഷ്യത്വം ഇല്ലാത്തവനായോ? എന്റെ അശ്രദ്ധയും ഫോണിനോടുള്ള കമ്പവും അതിന്റെ ഉപയോഗവും മാത്രമാണ് ഇപ്പോൾ ഇതിന് കാരണം. എല്ലാവരും വീഡിയോഎടുക്കുമ്പോഴും ഞാൻ അത് ചെയ്യാൻ പാടില്ലായിരുന്നു.

നാളെ എനിക്ക് ഇങ്ങനെ ഒരു അവസ്ഥ വന്നാൽ ? പ്രിയപ്പെട്ട കൂട്ടുക്കാരെ എല്ലാവരും ഓർക്കുക എല്ലാം നല്ലതിനാണ് എന്നാൽ ആവശ്യമില്ലാത്തിടത്ത്, അമിത ഉപയോഗം കുറക്കുക. ഇങ്ങനെ പലതും നമ്മൾ നമ്മുടെ സന്തോഷത്തിനും പ്രശംസക്കും വേണ്ടി ചെയുമ്പോൾ ഓർക്കുക,ഒരു വിലപ്പെട്ട ജീവനായിരിക്കും നഷ്ടപ്പെടുക.

.........................................................................

# ഭൂമിയ്ക്ക് ഒരു താരാട്ട്

കവിത

പ്രകൃതിയാമമ്മേ   ഇനി നീ ഉറങ്ങീടൂ
നല്ലൊരു നാളേക്കായ്
ഉണർവോടുണർന്നീടാൻ
നിത്യവും  പോറ്റി നിൻ മക്കളെ നീ
നല്ല അന്നവും തോയവും നൽകിയേറേകാലം
അന്നനിന്നെയവർ സന്തുഷ്ടയാക്കി നിൻ
പച്ചയാം തരുക്കളെ നട്ടുവളർത്തി

പാലിച്ചു പോന്ന ഫലങ്ങളെ നൽകി നീ
ചെയ്തനന്മയ്ക്കും തിന്മയ്ക്കും ഭേദം വിനാ
ആരിലും കോപമുദിച്ചില്ല നിൻ -
കരുണാദ്രമാം പുഞ്ചിരി വദനത്തിൽ മാഞ്ഞില്ല.



# പച്ചപൊന്നണി വിതറും ഭൂമി

കാനനമനോഹാരിതയിലേക്ക് നമുക്കൊന്നു തിരിയാം. എന്താണ് കാനനം എന്നറിയാമോ സുഹൃത്തേ



മാൻമിഴികണ്ണുകൾ തുറന്നുനിൽക്കുന്ന കാനനം.

അഞ്ച് കുന്നിൻമുകളിൽ പഞ്ഞി നിറഞ്ഞു നിൽക്കുന്ന മേഘങ്ങൾ. ഇടക്കെപ്പോഴോ സൂര്യകിരണങ്ങൾ ഇലയിൽതട്ടി മണ്ണിലേക്ക്. എങ്ങോട്ടെന്നറിയാതെ ധാന്യം തേടി പോകുന്ന പക്ഷികൾ. കൂട്ടമായി ചീറിപ്പായുന്ന മാൻകൂട്ടം. ഒരു ചില്ലയിൽനിന്ന് മറ്റൊരു ചില്ലയിലേക്ക് ചാടിക്കളിക്കുന്ന കുരങ്ങൻമാർ. എപ്പോഴൊ വീശുന്ന കാറ്റിൽ കരിയിലകൾ ഒരടിവച്ചുനീങ്ങുന്നു. ഉദിച്ചുയരുന്ന സൂര്യനെ വരവേൽക്കാൻ ആനക്കൂട്ടങ്ങൾ നടന്നു പോകുന്നു. ഒരു കുട്ടിക്കൊമ്പൻ അമ്മയുടെ വരമ്പുതട്ടി തുമ്പിക്കൈയും വാലുമാട്ടി നടക്കുന്നു. അങ്ങ ദൂരെയുള്ള കുന്നിൻമുകളിൽ നിന്നും ഇടക്കിടെ ഒരു ഗർജ്ജനം. അതുകേട്ട് അടിവാരത്തിൽനിന്നും പുല്ലുകൾ തിന്നുകൊണ്ടിരിക്കുന്ന മാൻപേടകൾ കുതിച്ചു പായുന്നു. തരിശായിക്കുന്ന ഭ്രൂമിയിൽ ഒരടിനീളത്തിൽ ചെടികൾ വളർന്നുവരുന്നുണ്ട്. പക്ഷേ അതിനിനി അധികംനാൾ ആയുസ്സില്ല. മനുഷ്യരുടെ ദുഷ്കർമ്മങ്ങൾക്ക് അതു ഇരയാകുന്നു. പ്രകൃതിയുടെനാശംമനുഷ്യനില്അവസാനിക്കുന്നു

#*********************#

# നമുക്കും പരിഗണിക്കാം



**life is beautiful** എന്ന് പറയുവാൻ എന്തെരെളുപ്പം സത്യത്തിൽ നമുക്ക് അനുദിനജിവിതത്തെ മനോഹരമാക്കുവാൻ കഴിയുന്നുണ്ടോ? മായാലോകത്ത് ജിവിക്കുന്ന നമുക്ക് ഒന്നും സംതൃപ്തി നല്കുന്നില്ല ഇവിടെ ചെറിയൊരു സൂത്രവാക്യം പറഞ്ഞു തരാം ജിവിതം മനോഹരമാക്കാൻ ഇന്ന് മനുഷ്യനിൽ നിന്ന് കൈമോശം വന്നുപോയ ചെറിയൊരു ഫോർമുല പരിഗണന. ചെറിയവന്റെയും വലിയവന്റെയും ഏറ്റവും വലിയ ദുഃഖം അവനെ മനസിലാക്കുന്നില്ല ,പരിഗണിക്കുന്നില്ല എന്നതാണ്. നമ്മുടെ കുടുംബങ്ങളിൽ പരസ്പരം പരിഗണിക്കാനായാൽ കുടുബം സ്വർഗ്ഗതുല്ല്യമാകില്ലേ? പരിഗണന നഷ്ടപ്പെടുത്തിടത്താണ് പിരിമുറുക്കങ്ങൾ ഉണ്ടാകുന്നത് ലാസറിനെ പരിഗണിക്കാതെ പടിവാതിലിലൂടെ കടന്നു പോകുന്ന യജമാനൻ തിരക്കുകളുടെ ലോകത്ത് കുടുബത്തിലുള്ളവരെ പരഗണിക്കാൻ സമയമുണ്ടോ? തൊട്ടു കൂട്ടുന്ന യന്ത്രവും കയ്യിൽ വന്നതോടെ പറയാനാവില്ല എന്നല്ലേ നമുടെ ഭവനങ്ങളിലെ പ്രായം ചെന്നവരുടെ അഭിപ്രായം.

സ്നേഹമുള്ളവരെ സമ്പത്ത് നമ്മെ പരിപൂർണ്ണരാക്കുന്നില്ല ദാരിദ്യം സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുന്നുമില്ല പിന്നെ എങ്ങോട്ടാണ് നമ്മുടെ ഈ

നെട്ടോട്ടം. തിരുവചനം വ്യക്തമാക്കുന്ന ദൈവഹിതമനുസരിച്ച് ജിവിക്കുന്നവനാണ് സ്വർഗ്ഗരാജ്യം ദൈവഹിതമെന്നാൽ ഭക്ഷണമോ പാനീയമോ അല്ല മറിച്ച് പരസ്പരമുള്ള സ്നേഹവും പരിഗണനയുമാണ്. നമ്മുടെ കുടുംബാംഗങ്ങളെ പ്രത്യേകിച്ച് പ്രായം ചെന്നവരെ. സ്നേഹത്തോടെ ഒന്നു പരിചരിക്കാൻ ,ഒരുമിച്ചിരുന്ന് അന്നം ഭക്ഷിക്കാൻ,ഒന്നിച്ചിരുന്ന് വിശേഷങ്ങൾ പങ്കുവയ്ക്കാൻ തയ്യാറായാൽ നമ്മുടെ ഭവനങ്ങളിൽ അത്ഭുതങ്ങളുടെ പൂമഴ വർഷിക്കും.അതുവരെയും നടക്കാത്തകാര്യങ്ങൾ സാധിച്ചുകിട്ടുന്ന അനുഭവങ്ങളിലൂടെ കടന്നുപോകാൻ സ്നേഹമുള്ളവരെ നമുക്ക് പരസ്പരം സ്നേഹിക്കാം, പരിഗണിക്കാം. ഒരു പുഞ്ചിരി സ്നേഹത്തോടെയുള്ള നോട്ടം

ഒരു തലോടൽ സുഖമാണോയെന്ന അന്വേഷണം ഇതൊക്കെ മതി മനുഷ്യന് പരിഗണന ലഭിക്കാൻ? ഊതി വീർപ്പിച്ച് തൊട്ടാൽ പൊട്ടുന്ന ബലൂൺ പോലെയാകാതെ നമുക്ക് എല്ലാവരെയും പരിഗണിക്കാവുന്നവിധം സ്വയം ചെറിയവരാകാം. എളിമയുള്ളവന്റെ ജീവിതമാണ് തെളിമയുള്ളതാകുന്നത്. തെളിമയുള്ളിടത്താണ് പ്രകാശമുള്ളത് നമ്മുടെ ജിവിതം മറ്റുള്ളവരെ പരിഗണിക്കുന്ന ജീവിതമായി തീരാൻ നമുക്ക് ശ്രമിക്കാം നമ്മെ അവഗണിക്കുന്നവരോടു പോലും പരിഗണിക്കാൻ കരുണ കാണിക്കാൻ നമുക്ക് ശ്രമിക്കാം.അങ്ങനെ നമ്മുടെ കുടുംബം ഈശോ വാഴുന്ന പറുദീസയായി മാറട്ടെ. നല്ല ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

##################################################

# അത്യാഗ്രഹം ആപത്ത്

**ചെറുകഥ**



ഒരിക്കൽ ഒരു ചുണ്ടെലി ആഹാരം തേടി നടക്കുകയായിരുന്നു.

ഒടുവിൽ അവൻ നിറയെ നെല്ലുള്ള ഒരു കുട്ടയുടെ അടുത്തെത്തി .ഹൊ രക്ഷപ്പെട്ടു കുട്ടയുടെ അടപ്പിലെ ചെറിയ ദ്വാരത്തിലൂടെ ഞെങ്ങിഞെരുങ്ങി അവൻ അകത്തു കടന്നു. ആർത്തിയോടെ നെല്ലു തിന്നാൻ തുടങ്ങി. തിന്നു തിന്നു വയർ നിറഞ്ഞു വീർത്തു വന്നു . "ഇനി മതി പോകാം"ചുണ്ടെലി പുറത്തുകടക്കാൻ നോക്കി എത്രശ്രമിച്ചിട്ടും സാധിക്കുന്നില്ല. വയറാണ് തടസ്സം .ഇനിയെന്തു ചെയ്യും? ഒടുവിൽ അവശനായി അവൻ ആ കുട്ടയ്ക്കകത്തുതന്നെ കിടന്നുറങ്ങി .അടുത്തദിവസം

ഉറക്കമുണർന്ന് അവൻ തന്റെ വയറിലേക്കു നോക്കി നിറഞ്ഞു വീർത്തിരുന്ന വയർ കുറഞ്ഞിട്ടുണ്ട് .ഇനി പുറത്തുകടക്കാം .അപ്പോൾ ഒരാഗ്രഹം കുറച്ചുകൂടി നെല്ല് തിന്നാമെന്ന്. അവൻ വീണ്ടും നെല്ല് തിന്നാൻ തുടങ്ങി .വയർ വീർത്തതുകൊണ്ട് പുറത്തുകടക്കാൻ വയ്യാതായി അന്നും അവിടെത്തന്നെ കിടന്നുറങ്ങാൻ തീരുമാനിച്ചു. അപ്പോൾ അതുവഴിവന്ന ഒരു പൂച്ച എലിയുടെ മണം കേട്ട് കുട്ടതുറന്നു നോക്കി .കൊഴുത്ത  എലിയെ കണ്ട പൂച്ച സമയം കളയാതെ അവനെ പിടിച്ച് അകത്താക്കി.

#########################################

# കടലിലെ  കാലൻ വലകൾ



പുറം കടലിൽ യന്ത്രവൽകൃത ബോട്ടുകളിൽ ഇഴയടുപ്പമുള്ള വലകൾ ഉപയോഗിച്ചു നടത്തുന്ന ട്രോളിംങ് നിരോധിച്ചുകൊണ്ട് വർകാലാരംഭത്തിൽ പത്രങ്ങളിൽ പതിവായിഅറിയിപ്പ് വരാറുള്ളത്ശ്രദ്ധിച്ചിരിക്കുമല്ലോ.ചെമ്മീൻ പിടിക്കാനുപയോഗിക്കുന്ന വല വിവേചനരഹിതമായി കടലാമകളെയും കുഞ്ഞുമീനുകളെയടക്കം എല്ലാ സമുദ്രജീകളേയും കോരിയെടുക്കുന്നുവെന്നതിനാൽ

കടലിൻെറആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കുന്നു. ട്രോളിങ്ങിനിടയിൽ വലയിൽ പെട്ടുപോകുന്ന ചെറുമത്സ്യങ്ങൾ ഭക്ഷണത്തിനല്ല,കാലിത്തീറ്റ,വളം എന്നിവക്കാണ് കൊണ്ട്പോകപ്പെടുന്നത്.മറ്റുജീവികൾ കടലിലേക്കുതന്നെ തള്ളപ്പെടുന്നു.വംശവർധനവ്യ നടക്കുന്ന സമയങ്ങളിൽ ഇത്തരത്തിൽ അമിതമായി ചൂഷണം ചെയ്യപ്പെടുന്നതിനാൽ നമ്മുടെ കടൽ സമ്പത്ത് അതിഗുരുതരമായി

കുറയുകയാണ്.കടലിൻെറ അടിത്തട്ട് അരിച്ചുപെറുക്കുമ്പോൾ  കലങ്ങിമാറുന്ന

അടിവെള്ളത്തിനും ചെളിക്കൊപ്പം നിരവധി ചെറുജീവികളും അപ്രത്യക്ഷമാകുന്നു.
സമുദ്രത്തിൻെറ അടിത്തട്ടിൽ മനുഷ്യൻ ചെയ്യുന്ന ക്രൂരത ട്രോളിങ്ങാണ്.ഇതേൽപ്പിക്കുന്ന
യാന്ത്രികമായ അരിച്ചുമാറ്റുന്നകടൽത്തട്ടിൽ ഇടിച്ചുകയറൽ നേരിട്ടു തന്നെ ജീവഹാനി
വരുത്തുന്നജീവജാലങ്ങളേക്കാൾ കൂടുതൽ ആവാസവ്യവസ്ഥ തകർക്കുന്നു.

************************************

# ശൈലികൾ

- അടിതെറ്റുക – സ്ഥാനംപിഴയ്ക്കുക.
- അർദ്ധരാത്രിക്ക് കുടപിടിക്കുക – അസ്ഥാനത്തിൽ ആഡംബരം കാണിക്കുക
- ഇഞ്ചി കടിക്കുക – ദേഷ്യപ്പെടുക.
- ഇരയിട്ടു മീൻ പിടിക്കുക – അല്പം ചെലവുചെയ്ത് അധികം ലാഭം ഉണ്ടാക്കുക.
- ഉണ്ട ചോറിൽ കല്ലിടുക – നന്ദികേടു കാണിക്കുക.
- ഊർദ്ധ്വശീശാപം ഉപകാരം - ദോഷം ഗുണമായിത്തീരുക.
- എലിയെ തോൽപിച്ച് ഇല്ലം ചുടുക - നിസ്സാരകാര്യത്തിന് വലിയനഷ്ടം വരുത്തുക .
- ഒരു വെടിക്ക് രണ്ടു പക്ഷി - ഒരു പ്രവർത്തികൊണ്ട് രണ്ടു കാര്യം നേടുക.
- കടന്നൽ കൂട്ടിൽ കല്ലെറിയുക – ആപത്തുകൾ സ്വയം ക്ഷണിച്ചു വരുത്തുക വരുത്തുക.
- കഥ അറിയാതെ ആട്ടം കാണുക - കാര്യം മനസ്സിലാകാതെ ഇടപെടുക.
- കട്ടുവക്കൂട്ടിൽ തലയിടുക – സ്വയം അപകടത്തിൽ ചാടുക.
- കണ്ണിൽ ചോരയില്ലായ്മ – ദയയില്ലായ്മ.
- കുരുന്നിലേ നുള്ളുക – ആരംഭത്തിലേ നശിപ്പിക്കുക.
- കൂനിൻമേൽ കുരു - ദുഃഖത്തിന്മേൽ ദുഃഖം.
- ഗ്രഹപ്പിഴ - കാലദോഷം.
- നെല്ലിപ്പലക കാണുക – അവസാനം കാണുക.



സി ജെ എം എ എച്ച് എസ് എസ് വരന്തരപ്പിള്ളി